# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 31-01-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 1805

## വിഴിഞ്ഞം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വിൻസെന്റ് :<br>ശ്രീ. കെ. എസ്. ശബരീനാഥൻ :<br>ശ്രീ. റോജി എം. ജോൺ :<br>ശ്രീ. ഹൈബി ഈഡൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി പാക്കേജു മായി ബന്ധപ്പെട്ട് വിഴിഞ്ഞം ഇടവകയുടെ നേതൃത്വത്തിൽ നടത്തിയ സമരം ഒത്തുതീർ പ്പാക്കുവാൻ ഉണ്ടാക്കിയ വ്യവസ്ഥകൾ എന്തെല്ലാ മായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) വിഴിഞ്ഞം ഇടവകയുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയിൽ കൈകൊണ്ട പ്രധാന തീരുമാനങ്ങൾ താഴെ പറയുന്നവയാണ്.<br><br>i. പദ്ധതി പ്രദേശത്തിന് സമീപത്തുള്ള കെട്ടിടങ്ങൾക്ക് പൈലിംഗ് ജോലി മൂലം ഉണ്ടായി എന്ന് ആരോപിക്കപ്പെടുന്ന വിള്ളലുകൾ പരിശോധിച്ച് യഥാർത്ഥ കാരണം കണ്ടെത്തുവാൻ തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജ്, തദ്ദേശവാസികൾ, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരുടെ പ്രതിനിധികളുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കുക.<br><br>ii. കോട്ടപ്പുറം ഭാഗത്തെ ബാധിക്കപ്പെട്ട കരമടി തൊഴിലാളികളെ താൽക്കാലികമായി ബാധിക്കപ്പെട്ട വരുടെ ഗണത്തിൽ നിന്നും സ്ഥിരമായി ബാധിക്കുന്ന വരുടെ ഗണത്തിൽപ്പെടുത്തി 5.60 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുവാൻ എടുത്ത തീരുമാനം പെട്ടെന്ന് നടപ്പിൽ വരുത്തി നഷ്ടപരിഹാരം നൽകുക.<br><br>iii. കോട്ടപ്പുറം ഭാഗത്തെ ഒഴിവാക്കപ്പെട്ട മത്സ്യതൊഴിലാളികളെ സംബന്ധിച്ച് പുനർ അന്വേഷണം നടത്തി അർഹരായവർക്ക് നഷ്ടപരിഹാരം നൽകുക.<br><br>iv. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്ത് നിന്നും പുറപ്പെടുന്ന ഔട്ട് ബോർഡ് എഞ്ചിൻ ബോട്ടുകൾക്ക് നൽകാമെന്ന് തീരുമാനിച്ച സൗജന്യ മണ്ണെണ്ണയുടെ വിതരണം കാലവിളംബം കൂടാതെ നൽകുക. |

| | | | |
|---|---|---|---|
| | | | v. മേൽപ്പറഞ്ഞവ നടപ്പിലാക്കി തുടങ്ങുന്നതോടൊപ്പം ഇപ്പോൾ കോട്ടപ്പുറം ഭാഗത്തെ തീരങ്ങളിൽ ഇരിക്കുന്ന വള്ളങ്ങൾ മാറ്റി വയ്ക്കുക. |
| (ബി) | നേരത്തെ നടന്ന ചർച്ചകളിൽ ധാരണ ഉണ്ടായതനുസരിച്ച് നഷ്ട പരിഹാരത്തുക വിതരണം ചെയ്യാമെന്ന് അദാനി ഗ്രൂപ്പ് സമ്മതിച്ചിരുന്നോ ; | (ബി) | പദ്ധതി പ്രദേശത്തിനടുത്തുള്ള കെട്ടിടങ്ങൾക്കുള്ള വിള്ളലുകൾ പൈലിംഗ് ജോലി മൂലമാണെന്ന് വിദഗ്ധസമിതി കണ്ടെത്തുകയാണെങ്കിൽ ടി അറ്റകുറ്റപ്പണികൾ നടത്താമെന്ന് അദാനി കമ്പനി ഉറപ്പ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത വിള്ളലുകൾ പൈലിംഗ് ജോലി മൂലമല്ല ഉണ്ടായതെന്നാണ് വിദഗ്ധസമിതി കണ്ടെത്തിയത്. എന്നിരുന്നാലും വിദഗ്ധ സമിതി നിർദേശിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി ഏറ്റെടുക്കാമെന്ന് അദാനി കമ്പനി സമ്മതിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പാക്കേജിലെ ഏതൊക്കെ വ്യവസ്ഥകളാണ് ഇതിനകം നടപ്പിലാക്കിയത് ; ശേഷിക്കുന്നവ എന്തൊക്കെയാണ് ; | (സി) | കരമടിതൊഴിലാളികൾക്കുള്ള വർദ്ധിപ്പിച്ച നഷ്ടഹാരതുക വിതരണം ചെയ്തുകഴിഞ്ഞു. നഷ്ടപരിഹാരപട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരെ സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തുന്നതിന് മത്സ്യബന്ധന വകുപ്പിന്റെ ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു, സൗജന്യ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി 1734 ഔട്ട് ബോർഡ് എഞ്ചിൻ ഉടമസ്ഥരുടെ പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | വിഴിഞ്ഞം പദ്ധതി പ്രദേശത്ത് ഉണ്ടാകുന്ന സമരങ്ങൾ, പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സം സൃഷ്ടിക്കുമെന്നതിനാൽ തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ ? | ഡി) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണം കാലാകാലങ്ങളിൽ വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി (ചെയർമാൻ), മാനേജിംഗ് ഡയറക്ടർ & സി. ഇ. ഒ , വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി ( കൺവീനർ), അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ & തുറമുഖ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി (ഫിനാൻസ് ഡിപ്പാർട്ട്മെന്റ്), സെക്രട്ടറി (ട്രാൻസ്പോർട്ട്), സെക്രട്ടറി (ഇൻഡസ്ട്രീസ്), തിരുവനന്തപുരം ജില്ലാ കളക്ടർ എന്നിവർ ഉൾപ്പെട്ട ഒരു എഴംഗ Project Implementation committee പ്രവർത്തിച്ചുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**